**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 488** **28-06-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോടിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട കുണ്ടൂർ തോട് നവീകരണത്തിന് ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 15 കോടി രൂപ അനുവദിച്ചു കൊണ്ട് പ്രഖ്യാപനം നടത്തിയിരുന്നോ ; വിശദമാക്കാമോ ; | (എ) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിന്റെ ഖണ്ഡിക 32 ൽ കുണ്ടൂർത്തോട് നവീകരണത്തിന് 15 കോടി രൂപ അനുവദിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും, പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഭരണാനുമതിയും, പുതുക്കിയ ഭരണാനുമതിയും, സർവ്വേ നടപടികളും പൂർത്തീകരിച്ച ഈ പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ ; | (സി) | 27.10.2016 ലെ സ.ഉ(സാധാ)നം.846/2016/ ജ.വി.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ച ടി പദ്ധതിയുടെ 08.09.2021 ൽ കിഫ്ബിയ്ക്ക് സമർപ്പിച്ച ഡി.പി.ആർ, *"50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തിന്മേൽ 65000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ച സാഹചര്യത്തിൽ കിഫ്ബി അംഗീകരിച്ചിട്ടും, പ്രവൃത്തി തുടങ്ങാത്തതും/ നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾ ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ കൂടുതൽ പദ്ധതികൾ പരിഗണിക്കുന്നതാണ്"* എന്ന തീരുമാനത്തോടെ മടക്കിയിട്ടുള്ളതാണ്. ടി വിവരം 19.10.2021 ലെ WRD010-08-DPR-01 കത്ത് മുഖേന ഭരണവകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ഡി) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത്, തെന്നല പഞ്ചായത്ത്, തിരൂരങ്ങാടി നഗരസഭ, താനൂർ മണ്ഡലത്തിലെ ഒഴൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ കുടിവെള്ളത്തിനും കൃഷിക്കും ആശ്രയിക്കുന്ന പ്രധാന ജലസ്രോതസ്സാണ് കുണ്ടൂർ തോട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; വിശദമാക്കാമോ ; | (ഡി) | കുണ്ടൂർത്തോട് നവീകരണ പദ്ധതിയുടെ ഡി.പി.ആർ, പദ്ധതി നിർവഹണ ഏജൻസിയ്ക്ക് മടക്കിയ സാഹചര്യത്തിൽ പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനമൊന്നും കിഫ്ബി നടത്തിയിട്ടില്ല. |
| (ഇ) | കുണ്ടൂർ തോട് നവീകരണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (ഇ) | കുണ്ടൂർത്തോട് നവീകരണ പദ്ധതിയുടെ ഡി.പി.ആർ, പദ്ധതി നിർവഹണ ഏജൻസിയ്ക്ക് മടക്കിയ |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനമൊന്നും കിഫ്ബി നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ